(ബി) എങ്കിൽ റീസർവെ പൂർത്തിയായ കോട്ടയം ജില്ലയിലെ എല്ലാ വില്ലേജുകളിലും ഇത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടോറൻസ് സമ്പ്രദായം 28-8-1997-ലെ ജി.ഒ.(ആർ.റ്റി)686/99/ആർസി പ്രകാരം സർക്കാർ നിർത്തലാക്കുകയുണ്ടായി. ഇതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ. പി.-യിന്മേൽ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 14-11-2003-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

റൂറൽ ഡിസ്പെൻസറിക്കുവേണ്ടി പുതുതായി ഏറ്റെടുത്ത ഭൂമി

4 [1292] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തിരുമേനി വില്ലേജിലെ നടംപ് ദേശം റീ സർവെ 87/10എ-യിൽ പെട്ടതും പ്രാപ്പൊയിൽ റൂറൽ ഡിസ്പെൻസറിക്കുവേണ്ടി റിലിങ്കിഷ് ചെയ്തിരുന്നതുമായ സ്ഥലം ശ്രീമതി ഏലിയാമ്മ ചാക്കോയുടെയും മകളുടെയും അപേക്ഷ പ്രകാരം അപേക്ഷകർക്ക് തിരികെ നൽകി പകരം മറ്റ് സ്ഥലമുടമകൾ നൽകുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ള സ്ഥലം ഏറ്റെടുത്ത് റൂറൽ ഡിസ്പെൻസറിക്ക് കൈമാറി നൽകാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 11-6-2001-ലെ 9815/യു1/2001 റവന്യൂ നമ്പർ കത്ത് മുഖേന സർക്കാർ കണ്ണൂർ ജില്ലാ കലക്ടർക്ക് നിർദ്ദേശം നൽകിയിരുന്നോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശ പ്രകാരം പ്രവർത്തിക്കാതെ പുതുതായി ഒരേക്കർ ഭൂമി കൂടി ഏറ്റെടുത്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 11-6-2001-ലെ സർക്കാർ നിർദ്ദേശപ്രകാരം നേരത്തെ റിലിങ്കിഷ് ചെയ്ത ഭൂമി തിരികെ നൽകാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത ഭൂമി അപേക്ഷകർക്ക് തിരികെ നൽകാൻ എന്തൊക്കെ നടപടികളാണ് ഇനിയും ബാക്കിയുള്ളതെന്നും അവ പൂർത്തിയാക്കി ഭൂമി തിരികെ എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർദ്ദേശം നൽകിയിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റിലിങ്കിഷ് ചെയ്ത ഭൂമി തിരികെ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വില്ലേജ് ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഭൂമി അപേക്ഷകർക്ക് തിരികെ നൽകുന്നതിന് ബന്ധപ്പെട്ട വില്ലേജ് ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.. ഈ വർഷം മാർച്ച് 31-നുള്ളിൽ നടപടി പൂർത്തിയാക്കുന്നതാണ്.

പട്ടാമ്പി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിന് നടപടി

5 [1293] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി താലൂക്കുകൾ രൂപവൽക്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടാമ്പി ആസ്ഥാനമായി പുതിയ താലൂക്ക് രൂപവൽക്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ വില്ലേജുകളുടേയും താലൂക്കുകളുടേയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പുതിയ താലൂക്ക് രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

കുന്ദംകുളം കേന്ദ്രമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്ന നടപടി

6 [1294] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദംകുളം കേന്ദ്രമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കുന്ദംകുളം നിയോജകമണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകളാണ് ഉള്ളത്;

LIBRARY ARCHIVES Kerala Legislative Assembly